**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1679** **02-02-2024 - ൽ മറുപടിയ്ക്ക്**

**മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്തതിനാൽ മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകരുടെ കണക്കും ഇത്തരത്തിൽ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയും ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഇത്തരത്തിൽ കൃഷി ചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ ആനുകൂല്യങ്ങളാണ് നിലവിൽ നൽകി വരുന്നതെന്നും ഇനി എന്തൊക്കെ ആനുകൂല്യങ്ങൾ പുതുതായി നൽകുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | ഇത്തരത്തിൽ കൃഷി ചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി നൽകി വരുന്ന ആനുകൂല്യങ്ങളുടെ നിരക്ക് അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | ഇത്തരം കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നത്; വിശദീകരിക്കാമോ? | (സി) | നിലവിൽ കൃഷി വകുപ്പ്, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള എക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ, ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ തുടങ്ങിയവ മുഖേന അതാതു ഗ്രാമപഞ്ചായത്ത് / ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകർക്ക് നേരിട്ട് ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ ശക്തിപ്പെടുത്തി കർഷകർക്ക് കൂടുതൽ സൗകര്യ പ്രദമാക്കുന്നതിനും, കർഷകർക്കുള്ള ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഉൾപ്പെടെ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് വിപണി ഇടപെടൽ പദ്ധതി പ്രകാരം 2023-24 വർഷത്തിൽ 2825.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.<br><br>കാർഷിക ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും ഹോർട്ടികോർപ്പിനു 13 ജില്ലാ |

സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ 81 സ്വന്തം സ്റ്റാളുകളും 199 ലൈസൻസി സ്റ്റാളുകളും ഉണ്ട്. കൂടാതെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി ഉത്പന്നങ്ങൾ 'സേഫ് ടു ഈറ്റ്' എന്ന ലേബലിൽ പ്രധാന ഔട്ട്ലെറ്റുകൾ മുഖേന വിപണനം നടത്തി വരുന്നു.

കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 293 സ്വാശ്രയകർഷക സമിതികളാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചു വരുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. പ്രതിവർഷം 1 ലക്ഷം മെട്രിക് ടൺ പഴം പച്ചക്കറികളുടെ വിപണനം നടത്തി വരുന്നു.

കാർഷികോല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാന വില പദ്ധതി 2020 നവംബർ ഒന്നുമുതൽ നടപ്പിലാക്കി വരുന്നു. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പഴം-പച്ചക്കറി വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ചെയ്ത് പഴം-പച്ചക്കറികൾ വിപണിയിൽ എത്തിക്കുന്നതിനുമുള്ള പദ്ധതി VFPCK നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കാക്കനാട് കേന്ദ്രമാക്കി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സെന്റർ (VFPMC), 7 ജില്ലകളിൽ പഴം-പച്ചക്കറികളുടെ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതികൾ നടത്തുന്ന 63 തളിർ ഔട്ട്ലെറ്റുകൾ എന്നിവ ആരംഭിച്ചു.

കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനു വേണ്ടി FPO-കൾ രൂപീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും നടപടികൾ തുടങ്ങിക്കഴിഞ്ഞു. കാർഷിക ഉല്പന്നങ്ങളുടെ വിപണി ഉറപ്പാക്കുവാനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും ഉതകുമാറ് മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM) ബഹു:മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിലവിൽ വന്നു കഴിഞ്ഞു. കാർഷിക ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതോടെ കാർഷിക ഉല്പന്നങ്ങളുടെ ആവശ്യകതയും വിപണിയും വർദ്ധിക്കും.

കർഷകർ, കൃഷിക്കൂട്ടങ്ങൾ, മറ്റ് കർഷക കൂട്ടായ്മകൾ, FPO, FPC കൾ തുടങ്ങിയവർ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൾപ്പടെയുള്ള കാർഷിക

| | | | |
|---|---|---|---|
| | | | ഉൽപ്പന്നങ്ങളുടെ മെച്ചപ്പെട്ട വിപണനം ഉറപ്പാക്കുന്നതിനായി "കേരളഗ്രോ" ബ്രാൻഡ് ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ഉൽപ്പന്നങ്ങൾ "കേരളഗ്രോ" ബ്രാൻഡ് ചെയ്യുന്നതിനും, ഓൺലൈൻ വിപണത്തിനുമായി 40.00 ലക്ഷം രൂപയും, എല്ലാ ജില്ലയിലും ഓരോ കേരളഗ്രോ ബ്രാൻഡഡ് ഷോപ്പും ഫാം പ്ലാൻ സൂപ്പർ മാർക്കറ്റും തുടങ്ങുന്നതിനായി 280.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.<br><br>കേരളഗ്രോ ബ്രാൻഡിംഗ് സംവിധാനം വഴി കർഷകരുടെ ഉൽപ്പന്നങ്ങൾ ഓൺലൈൻ മുഖാന്തിരവും കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ സൂപ്പർ മാർക്കറ്റുകൾ ,ഇക്കോ ഷോപ്പുകൾ എന്നിവ വഴി വിപണനം നടത്തുന്നതിനും ആയത് വഴി കർഷകർക്ക്, മെച്ചപ്പെട്ട വരുമാനം നേടുന്നതിനും സാധിക്കും. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്തതിനാൽ മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകരുടെ കണക്കും ഇത്തരത്തിൽ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയും സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം

| ക്രമ നമ്പർ | ജില്ല | കർഷകരുടെ എണ്ണം | കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി (Ha) |
|---|---|---|---|
| 1 | തിരുവനന്തപുരം | 19902 | 5476.55 |
| 2 | കൊല്ലം | 9354 | 2425.27 |
| 3 | പത്തനംതിട്ട | 15500 | 1500 |
| 4 | ആലപ്പുഴ | 17975 | 14304 |
| 5 | കോട്ടയം | 12565 | 8752 |
| 6 | ഇടുക്കി | 5305 | 1057.6 |
| 7 | എറണാകുളം | 7309 | 4723.29 |
| 8 | പാലക്കാട് | 5736 | 3720.628 |
| 9 | തൃശ്ശൂർ | 10938 | 7568 |
| 10 | മലപ്പുറം | 21462 | 10659.99 |
| 11 | വയനാട് | 6000 | 2500 |
| 12 | കോഴിക്കോട് | 8485 | 2126.75 |
| 13 | കണ്ണൂർ | 6955 | 2174.47 |
| 14 | കാസർഗോഡ് | 1643 | 462.45 |
| | **ആകെ** | **149129** | **67450.998** |

# അനുബന്ധം -2

| ക്രമ നമ്പർ | പദ്ധതി | ആനുകൂല്യത്തിന്റെ നിരക്ക് |
|---|---|---|
| 1 | സുസ്ഥിര നെൽകൃഷി വികസനം | 5500/ഹെക്ടർ |
| 2 | തരിശ്ശ് നില നെൽകൃഷി | 35000/ഹെക്ടർ |
| 3 | ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി (പന്തൽ) | 25000/ഹെക്ടർ |
| 4 | ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി (പന്തൽ ഇല്ലാത്ത കൃഷി) | 20000/ഹെക്ടർ |
| 5 | ശീതകാല പച്ചക്കറി കൃഷി (പന്തൽ ഇല്ലാത്ത കൃഷി) | 30000/ഹെക്ടർ |
| 6 | സ്റ്റാഗെർഡ് ക്ലസ്റ്റർ പച്ചക്കറി കൃഷി (പന്തൽ) | 25000/ഹെക്ടർ |
| 7 | സ്റ്റാഗെർഡ് ക്ലസ്റ്റർ പച്ചക്കറി കൃഷി (പന്തൽ ഇല്ലാത്ത കൃഷി) | 20000/ഹെക്ടർ |
| 8 | പയർ വർഗ്ഗങ്ങളുടെ വികസനം | 15000/ഹെക്ടർ |
| 9 | ചെറുധാന്യകൃഷി വിസ്തൃതി വ്യാപനം | 20000/ഹെക്ടർ |
| 10 | എണ്ണക്കുരു കൃഷി വികസനം | 10000/ഹെക്ടർ |